**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസനം - "'എംപ്ലോയബിലിറ്റി എൻഹാൻസമെന്റ് പ്രോഗ്രാം' ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ കുടുംബങ്ങളുടെ വികസനത്തിനുള്ള സ്വയം തൊഴിൽ പദ്ധതി" - രൂപരേഖ, മാർഗ്ഗ നിർദ്ദേശങ്ങൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ)നം.38/2020/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 24.06.2020.

==============================================================

പരാമർശം: പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 04.11.2019, 19.02.2020 തീയതികളിലെ ബി.സി.ഡി.ഐ.ആർ-എ 2/377/2019 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പും, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനും സംയുക്തമായി നടപ്പിലാക്കുവാൻ നിശ്ചയിച്ചിട്ടുള്ള 'എംപ്ലോയബിലിറ്റി എൻഹാൻസമെന്റ് പ്രോഗ്രാം' എന്ന പദ്ധതിയുടെ പുതിയ ഘടകമായ "ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ കുടുംബങ്ങളുടെ വികസനത്തിനുള്ള സ്വയം തൊഴിൽ പദ്ധതി" പ്രാവർത്തികമാക്കുന്നതിനായി അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, പാറ്റൂർ, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ / ഓഡിറ്റ്), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് പിന്നാക്ക വിഭാഗ കുടുംബങ്ങളുടെ വികസനത്തിനുള്ള സ്വയം തൊഴിൽ പദ്ധതി

### ആമുഖം

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് പിന്നാക്ക വിഭാഗ കുടുംബങ്ങളുടെ നാമമാത്ര / ചെറുകിട സ്വയം തൊഴിൽ സംരഭങ്ങൾ നടത്തുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പച്ചക്കറി കൃഷി, മത്സ്യകൃഷി, കച്ചവടം, ഭക്ഷ്യ സംസ്കരണം, കാറ്ററിംഗ്, പെട്ടിക്കട, തട്ടുകട, പപ്പടനിർമ്മാണം, മെഴുകുതിരിനിർമ്മാണം, നോട്ട്ബുക്ക്ബൈന്റിംഗ്, കരകൗശല നിർമ്മാണം, ടൈലറിംഗ് തുടങ്ങി ചെറിയ മൂലധനത്തിൽ തുടങ്ങാവുന്ന നാമമാത്ര/ ചെറുകിട സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. നിലവിൽ ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കാതെ സ്വന്തം ഫണ്ടുപയോഗിച്ച് അവരുടെ നാമമാത്ര സംരംഭങ്ങൾ നടത്തുന്ന വർക്ക്ആയത് വികസിപ്പിക്കുന്നതിനും വായ്പ ഉപയോഗിക്കാവുന്നതാണ്.

### അർഹതാ മാനദണ്ഡങ്ങൾ

- സംരംഭകർ ഒ.ബി.സി വിഭാഗത്തിൽപ്പെട്ടവർ ആയിരിക്കണം
- പ്രായപരിധി 25 വയസ്സിനും 55 വയസ്സിനും മധ്യേ
- കുടുംബ വാർഷിക വരുമാനം 1,20,000/- രൂപയിൽ അധികരിക്കരുത്
- വനിതകൾക്ക് മുൻഗണന

### വായ്പാ പദ്ധതി

വരുമാനദായകരായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും ഈ പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതാണ്.

- പരമാവധി വായ്പാ തുക - 1 ലക്ഷം രൂപ
- വാർഷിക പലിശ നിരക്ക് - 5 ശതമാനം
- തിരിച്ചടവ് കാലാവധി - 36 മാസം
- പ്രതിമാസ തിരിച്ചടവ് തവണ തുക – 3000/-രൂപ

### കെ.എസ്.ബി.സി.ഡി.സി ഗ്രീൻ കാർഡ് ആനുകൂല്യം

കൃത്യമായി വായ്പ തിരിച്ചടക്കുന്നതിനുവേണ്ടി കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രോത്സാഹന പദ്ധതിയാണ് ഗ്രീൻ കാർഡ്. ഇതുപ്രകാരം മുടക്കമില്ലാതെ എല്ലാ ഗഡുക്കളും നിശ്ചിത തീയതിക്കു മുൻപുതന്നെ ഒടുക്കുന്ന വായ്പക്കാർക്ക് അവർ ഒടുക്കിയ മൊത്തം പലിശയുടെ 5 ശതമാനം വരുന്ന തുക ഇളവ് നല്കാവുന്നതാണ്.

## കേരള സർക്കാർ പിന്നാക്ക വിഭാഗ വികസന വകുപ്പ് നൽകുന്ന സബ്സിഡി

സമയബന്ധിതമായി തവണ തുക തിരിച്ചടക്കുന്നവർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും ബാക്ക് എന്റ് സബ്സിഡിയായി വായ്പ തുകയുടെ 50 (പരമാവധി 25,000/- രൂപ) അനുവദിക്കുന്നതാണ്. പദ്ധതി ആരംഭിച്ച രേഖകളും, തിരിച്ചടവ് സംബന്ധിച്ച രേഖകളും പരിശോധിച്ച് ഉറപ്പാക്കി സബ്സിഡി തുക കൂടി വരവ് ചെയ്താൽ അക്കൗണ്ട് അവസാനിപ്പിക്കാൻ കഴിയുന്ന തീയതി പ്രകാരം തുക വരവ് ചെയ്ത് അക്കൗണ്ട് അവസാനിപ്പിച്ച് നല്കുന്നതാണ് (ഗ്രീൻ കാർഡ് ആനുകൂല്യംകൂടി പരിഗണിച്ച്). ഏതെങ്കിലും സാഹചര്യത്തിൽ തവണ മുടക്കം വന്നാൽ ടി തുക 30 ദിവസത്തിനകം 6 ശതമാനം പിഴ പലിശയോടുകൂടി തിരിച്ചടയ്ക്കേണ്ടതാണ്.

മതിയായ കാരണം കൂടാതെ തിരിച്ചടവിൽ വീഴ്ച വരുത്തുന്നപക്ഷം സബ്സിഡി ആനുകൂല്യം നഷ്ടപ്പെടുന്നതാണ്.

## അപേക്ഷ സമർപ്പിക്കേണ്ട വിധം

നിശ്ചിത യോഗ്യതയുള്ള സംരംഭകർക്ക് കോർപ്പറേഷന്റെ ജില്ല / ഉപജില്ല ഓഫീസുകളിൽ നിന്നും അപേക്ഷ ഫോറം വാങ്ങാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ഫോറം ചുവടെ ചേർക്കുന്ന രേഖകൾ സഹിതം കോർപ്പറേഷന്റെ അതാത് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

1. റേഷൻ കാർഡിന്റെ പകർപ്പ്
2. ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്
3. ആധാർ കാർഡിന്റെ പകർപ്പ്
4. അപേക്ഷകയുടെ / കുടുംബാംഗങ്ങളുടെ പേരിലുള്ള വീടിന്റെയും, ഭൂമിയുടേയും കരമടച്ച രസീതിന്റെ പകർപ്പ്
5. അപേക്ഷകയുടെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് പകർപ്പ്. (സ്കൂൾ സർട്ടിഫിക്കറ്റ്)
6. ജാതി തെളിയിക്കുന്നതിന് സ്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അല്ലെങ്കിൽ വില്ലേജ് ഓഫീസിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ്
7. വില്ലേജ് ഓഫീസിൽ നിന്ന് ലഭിക്കുന്ന കുടുംബ വാർഷിക വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
8. അപേഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പർ, ഐ.എഫ്,എസ്.സി. കോഡ് എന്നിവ രേഖപ്പെടുത്തിയ പേജിന്റെ പകർപ്പ്.
9. ബാങ്കുകൾ / ഇതര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നിലവിൽ വായ്പ ഇല്ലെന്നുള്ള സത്യപ്രസ്താവന.

## ജാമ്യ വ്യവസ്ഥ

1). സ്വന്തം പേരിലോ / മറ്റുള്ളവരുടെ പേരിലൊ ഉള്ള 4 സെന്റിൽ കുറയാത്ത വസ്തു ജാമ്യമായി നൽകാവുന്നതാണ്. വസ്തുവിന്റെ ഒറിജിനൽ ആധാരം, നികുതി രശീത് കോർപ്പറേഷനിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്.

അല്ലെങ്കിൽ

2). സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങൾ / സർക്കാർ ഉടമസ്ഥത യിലുള്ള കമ്പനികൾ / സഹകരണ ബാങ്കുകൾ മുതലായ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരുടെ ജാമ്യം, നിശ്ചിത മാതൃകയിലുള്ള ശമ്പള സാക്ഷ്യപത്രം മേലധികാരി യുടെ ശുപാർശ സഹിതം സമർപ്പിക്കേണ്ടതും ജാമ്യക്കരാറിൽ ഉദ്യോഗസ്ഥൻ ഏർപ്പെടുത്തേണ്ടതുമാണ്.

അല്ലെങ്കിൽ

3). 10 സെന്റിൽ കുറയാത്ത വസ്തു കൈവശമുള്ള വ്യക്തിയുടെ ജാമ്യം (ഒറിജിനൽ ആധാരം ഈടാക്കി സമർപ്പിക്കേണ്ടതില്ല. എന്നാൽ നികുതി രസീതിന്റെ ഒറിജിനൽ ഹാജരാക്കേണ്ടതാണ്.

അല്ലെങ്കിൽ

4). ആദായനികുതി അടച്ചുവരുന്ന വ്യക്തിയുടെ ജാമ്യം, തൊട്ടു മുൻപുള്ള സാമ്പത്തിക വർഷം നികുതി റിട്ടേൺ സമർപ്പിച്ചതിന്റെ രേഖകളും, പാൻ കാർഡിന്റെ കോപ്പിയും ഹാജരാക്കേണ്ടതാണ്.

അല്ലെങ്കിൽ

5). അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാർ / ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ എന്നിവയിലെ സ്ഥിരം ജീവനക്കാരുടെ വ്യക്തിഗത ജാമ്യം. ടി വ്യക്തികൾ സ്ഥിരം ജീവനക്കാർ ആണെന്നുള്ള സർട്ടിഫിക്കറ്റ്, ശമ്പള സർട്ടിഫിക്കറ്റ്, സ്ഥാപനത്തിന്റെ Id proof, PAN card തുടങ്ങിയവ ഹാജരാക്കേണ്ടതാണ്.

## പദ്ധതി നടത്തിപ്പ്

പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് മാധ്യമങ്ങളിലൂടെ പദ്ധതി സംബന്ധിച്ച അറിയിപ്പ് നല്കി അപേക്ഷകൾ സ്വീകരിച്ച് അർഹരായ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് വായ്പാ തുക അനുവദിക്കുന്നു. വായ്പാ തുക വിതരണം ചെയ്തശേഷം ഗുണഭോക്തൃ പട്ടിക പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുന്ന മുറയ്ക്ക് സബ്സിഡി തുക മുൻകൂറായി കോർപ്പറേഷന് കൈമാറുന്നു. ഗുണഭോക്താക്കൾക്കായുള്ള സബ്സിഡി ബാക്ക് എന്റ് ആയി കോർപ്പറേഷന് അനുവദിക്കുന്നു.